എ.വൈ.ആർ

സൂറ-10

# യൂനുസ്

**35** അവരോട് ചോദിക്കുക: നിങ്ങളാരാധിക്കുന്ന ബഹുദൈവങ്ങളിൽ സത്യത്തിലേക്ക് മാർഗ ദർശനം ചെയ്യുന്ന വല്ലവരുമുണ്ടോ? പറയുക: അല്ലാഹു മാത്രമാകുന്നു സത്യത്തിലേക്ക് മാർഗ ദർശനം ചെയ്യുന്നത്. സത്യത്തിലേക്ക് നയിക്കുന്നവരോ അതല്ല, നയിക്കപ്പെട്ടാലല്ലാതെ സ്വയം വഴി കാണാൻ കഴിയാത്തവരോ പിന്തുടരാൻ ഏറ്റം അർഹരായിട്ടുള്ളത്? നിങ്ങൾക്കെന്തുപറ്റി, എങ്ങനെയാണ് നിങ്ങൾ വിധിക്കുന്നത്?!

قُلْ هَلْ مِن شُرَكَآئِكُم مَّن يَهْدِىٓ إِلَى ٱلْحَقِّ ۚ قُلِ ٱللَّهُ يَهْدِى لِلْحَقِّ ۗ
أَفَمَن يَهْدِىٓ إِلَى ٱلْحَقِّ أَحَقُّ أَن يُتَّبَعَ أَمَّن لَّا يَهِدِّىٓ إِلَّآ أَن يُهْدَىٰ ۖ فَمَا لَكُمْ
كَيْفَ تَحْكُمُونَ ﴿٣٥﴾

**36** അവരിലധികപേരും കേവലം ഊഹത്തെ പിൻപറ്റുകയാകുന്നു. ഊഹമാകട്ടെ സത്യത്തിന്റെ യാതൊരു ഫലവും ചെയ്യുന്നില്ല. നിശ്ചയം അല്ലാഹു അവർ ചെയ്യുന്നതൊക്കെയും അറിയുന്നുണ്ട്.

وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا ۚ إِنَّ ٱلظَّنَّ لَا يُغْنِى مِنَ ٱلْحَقِّ شَيْـًٔا ۚ إِنَّ ٱللَّهَ عَلِيمٌۢ
بِمَا يَفْعَلُونَ ﴿٣٦﴾

**37** ഈ ഖുർആനോ, അല്ലാഹുവിങ്കൽ നിന്നുള്ള വെളിപാടല്ലാതെ കെട്ടിച്ചമക്കപ്പെടാവുന്ന ഒന്നല്ല തന്നെ; പ്രത്യുത, നേരത്തെ ആഗതമായിട്ടുള്ളതിനെ സത്യപ്പെടുത്തുന്നതും വേദപ്രമാണങ്ങളുടെ വിശദീകരണവുമാണിത്. നിസ്സംശയമായും സർവലോക വിധാതാവിങ്കൽ നിന്നുള്ളത്.

وَمَا كَانَ هَٰذَا ٱلْقُرْءَانُ أَن يُفْتَرَىٰ مِن دُونِ ٱللَّهِ وَلَٰكِن تَصْدِيقَ ٱلَّذِى بَيْنَ
يَدَيْهِ وَتَفْصِيلَ ٱلْكِتَٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَٰلَمِينَ ﴿٣٧﴾

قُلْ = നീ(അവരോട്) ചോദിക്കുക هَلْ مِن شُرَكَآئِكُم = നിങ്ങളുടെ പങ്കാളികളിൽ(ആരാധിക്കുന്ന ബഹുദൈവങ്ങളിൽ) ഉണ്ടോ
مَّن يَهْدِىٓ = മാർഗദർശനം ചെയ്യുന്ന (നയിക്കുന്ന) വല്ലവരും إِلَى ٱلْحَقِّ = സത്യത്തിലേക്ക് قُلِ = പറയുക
ٱللَّهُ يَهْدِى لِلْحَقِّ = അല്ലാഹു(മാത്രമാകുന്നു)സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നു(ന്നത്)
أَفَمَن يَهْدِىٓ إِلَى ٱلْحَقِّ = സത്യത്തിലേക്കു നയിക്കുന്നവനാണോ أَحَقُّ = ഏറ്റം അർഹനായവൻ أَن يُتَّبَعَ = പിന്തുടരപ്പെടാൻ
أَمَّن لَّا يَهِدِّىٓ = അതല്ല സ്വയം വഴികാണാത്തവനാണോ إِلَّآ أَن يُهْدَىٰ = നയിക്കപ്പെടു(ന്നുവെങ്കിലല്ലാതെ)കയല്ലാതെ
فَمَا لَكُمْ = നിങ്ങൾക്കെന്തുപറ്റി كَيْفَ = എങ്ങനെയാണ് تَحْكُمُونَ = നിങ്ങൾ വിധിക്കുന്നത്
وَمَا يَتَّبِعُ = പിൻപറ്റുന്നില്ല (പിൻപറ്റുകയാകുന്നു) أَكْثَرُهُمْ = ഇവരിൽ അധികപേരും إِلَّا ظَنًّا = ഊഹത്തെയല്ലാതെ(കേവലം ഊഹത്തെ)

إِنَّ ٱلظَّنَّ= തീർച്ചയായും ഊഹം(ആകട്ടെ) لَا يُغْنِى = ഫലം ചെയ്യുകയില്ല, പ്രയോജനപ്പെടുകയില്ല مِنَ ٱلْحَقِّ= സത്യത്തിൽനിന്ന്(ന്റെ)
شَيْـًٔا= യാതൊരു വസ്തുവും إِنَّ ٱللَّهَ عَلِيمٌۢ= തീർച്ചയായും അല്ലാഹു സർവജ്ഞനാകുന്നു بِمَا يَفْعَلُونَ= അവർ ചെയ്യുന്നതിനെക്കുറിച്ച്
وَمَا كَانَ هَـٰذَا ٱلْقُرْءَانُ= ഈ ഖുർആൻ (അല്ലതന്നെ) ആയിട്ടില്ല أَن يُفْتَرَىٰ= കെട്ടിച്ചമക്കപ്പെടുന്നത്(ക്കപ്പെടാവുന്ന ഒന്ന്)
مِن دُونِ ٱللَّهِ= അല്ലാഹുവി(ങ്കൽ നിന്നുള്ള വെളിപാട് അല്ലാതെ)നെ കൂടാതെ وَلَـٰكِن= പക്ഷേ, പ്രത്യുത
تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ= അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതാകുന്നു(നേരത്തെ ആഗതമായിട്ടുള്ളതിനെ സത്യപ്പെടുത്തുന്നതും)
وَتَفْصِيلَ ٱلْكِتَـٰبِ= (ആ) വേദ(പ്രമാണങ്ങളുടെ)ത്തിന്റെ വിശദീകരണവുമാകുന്നു لَا رَيْبَ فِيهِ= അതിൽ സംശയമില്ല
مِن رَّبِّ ٱلْعَـٰلَمِينَ= സർവലോക നാഥനിൽനിന്നുള്ളതാകുന്നു

**35:** يَهْدِىٓ إِلَى ٱلْحَقِّ(സത്യത്തിലേക്ക് നയിക്കുക) എന്നതു കൊണ്ട് അർഥമാക്കുന്നത് ജീവിത യാഥാർഥ്യത്തിലേക്ക്, ജീവിത ലക്ഷ്യത്തിലേക്ക്, ധർമത്തിലേക്കും നീതിയിലേക്കും, ആത്മീയ കാര്യങ്ങളിലേക്കും പരലോക കാര്യങ്ങളിലേക്കും ഒക്കെയുള്ള മാർഗദർശനമാണ്. സ്രഷ്ടാവായ അല്ലാഹു ഓരോ സൃഷ്ടിയുടെയും വാഴ്‌വിന്ന് ഒരു ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള മാർഗവും നിശ്ചയിക്കുകയും ആ മാർഗം അവക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴿١﴾ ٱلَّذِى خَلَقَ فَسَوَّىٰ ﴿٢﴾ وَٱلَّذِى قَدَّرَ فَهَدَىٰ

(നിന്റെ അത്യുന്നതനായ വിധാതാവിന്റെ നാമം പ്രകീർത്തനം ചെയ്യുക; സൃഷ്ടിച്ചു സന്തുലിതമാക്കുകയും വിധി നിർണയിക്കുകയും വഴി കാട്ടുകയും ചെയ്തവന്റെ - *അൽ അഅ്‌ല* 1-3) رَبُّنَا ٱلَّذِىٓ أَعْطَىٰ كُلَّ شَىْءٍ خَلْقَهُۥ ثُمَّ هَدَىٰ (ഓരോ വസ്തുവിന്നും അതിന്റെ സൃഷ്ടിഘടന നൽകുകയും എന്നിട്ട് മാർഗദർശനം ചെയ്യുകയും ചെയ്തവനത്രെ നമ്മുടെ വിധാതാവ് - *ത്വാഹ* 50). തിര്യക്കുകളും അചേതന വസ്തുക്കളും അവയുടെ ജീവിത ലക്ഷ്യം സ്വയം അറിയുന്നില്ല. സ്വയം ലക്ഷ്യം നിർണയിക്കുകയോ ആ ലക്ഷ്യത്തിലേക്ക് ബോധപൂർവം സഞ്ചരിക്കുകയോ ചെയ്യുന്നില്ല. അല്ലാഹു കാണിച്ചുകൊടുത്ത മാർഗത്തിലൂടെ അവ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. അതാണവയുടെ ധർമം. ആ വഴിയിൽനിന്ന് വ്യതിചലിക്കാൻ അവക്കാവില്ല. അതുകൊണ്ട് ലക്ഷ്യജ്ഞാനത്തിന്റെ അഭാവം അവയുടെ ധർമാനുഷ്ഠാനത്തിന് വിഘാതമാകുന്നുമില്ല.

ബുദ്ധിയും സ്വാതന്ത്ര്യവുമുള്ള മർത്യന്റെ കാര്യം ഇതിൽനിന്ന് അൽപം വ്യത്യസ്തമാണ്. അവന്ന് ലക്ഷ്യത്തെ അവഗണിക്കാനും അതിലേക്കുള്ള മാർഗമായ ധർമത്തിൽനിന്ന് വ്യതിചലിക്കാനും കഴിവുണ്ട്. അതിനാൽ അവന്റെ ജീവിതലക്ഷ്യം എന്താണെന്നും ആ ലക്ഷ്യം പ്രാപിക്കാനുള്ള മാർഗം ഏതാണെന്നും അല്ലാഹു അവനെ അറിയിച്ചിരിക്കുന്നു. ഈ ലക്ഷ്യത്തെ പലനിലയിൽ നിർവചിക്കാം. ചെകുത്താന്റെ വഞ്ചനയിൽ പെട്ട് പണ്ട് നഷ്ടപ്പെട്ടുപോയ സ്വർഗം വീണ്ടെടുക്കുകയാണ് ഒന്ന്. ജീവിത ദൗത്യം പൂർത്തിയാക്കിയ ശേഷം, സൃഷ്ടിച്ചയച്ച ദൈവത്തിലേക്കു തന്നെ തിരിച്ചു ചെല്ലുകയാണ് മറ്റൊന്ന്. ഈ ലക്ഷ്യത്തിലേക്കുള്ള മാർഗമാണ് അല്ലാഹു അനുശാസിച്ച ധർമങ്ങൾ. അതിനെ തഖ്‌വ (അല്ലാഹു കൽപിച്ചതനുസരിക്കുകയും നിരോധിച്ചത് വെടിയുകയും ചെയ്യുക) എന്നു വിളിക്കാം. മനുഷ്യന്റെയും ജിന്നിന്റെയും സൃഷ്ടി ലക്ഷ്യം ഖുർആൻ ഒരിടത്ത് അനുസ്മരിപ്പിക്കുന്നത് وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ (ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചത് അവർ എനിക്ക് ഇബാദത്ത് ചെയ്യാൻ മാത്രമാകുന്നു - *അദ്ദാരിയാത്ത്* 56) എന്നാണ്.

സൃഷ്ടിക്ക് - അതു മനുഷ്യനാവട്ടെ, തിര്യക്കാവട്ടെ അചേതന വസ്തുവാകട്ടെ - അതിന്റെ ലക്ഷ്യവും ധർമവും നിശ്ചയിച്ചുകൊടുത്തത് സ്രഷ്ടാവായ അല്ലാഹുവാണ്. അവന്റെ മാത്രം കഴിവിലും അധികാരത്തിലും പെട്ടതാണത്. മൂഢജനങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾക്കോ ദേവീദേവന്മാർക്കോ പുണ്യാത്മാക്കൾക്കോ ഒന്നും അതിൽ യാതൊരു പങ്കുമില്ല. ഉണ്ടാവുക സാധ്യമല്ല. അക്കൂട്ടരിലാരും സ്വന്തം ലക്ഷ്യവും ധർമവും പോലും സ്വയം അറിഞ്ഞവരല്ല എന്നതാണ് യാഥാർഥ്യം. അല്ലാഹുവിന്റെ മാർഗദർശനം പിന്തുടരുന്നവർ മാത്രമാണവർ. അല്ലാഹുവിന്റെ മാർഗദർശനം ധിക്കരിക്കുന്നവരെ ചെകുത്താൻ നയിക്കുന്നു. രണ്ടായാലും അല്ലാഹുവല്ലാത്ത ആരാധ്യരെല്ലാം നയിക്കപ്പെടുന്നവരാണ്; നയിക്കുന്നവരല്ല. ആലോചിച്ചു നോക്കുക; സ്വയം വഴി കാണാത്തവരും മറ്റുള്ളവരാൽ വഴികാണിക്കപ്പെടുന്നവരുമാണോ അതല്ല, ലക്ഷ്യവും മാർഗവും കൃത്യമായി നിർണയിക്കുകയും അതിലേക്ക് വഴികാണിക്കുകയും ചെയ്യുന്ന അല്ലാഹുവാണോ അംഗീകരിക്കപ്പെടാനും പിന്തുടരപ്പെടാനും യോഗ്യനായിട്ടുള്ളത്? അല്ലാഹുവാണ് പിന്തുടരപ്പെടാനർഹനെന്നും അവനല്ലാത്ത ആർക്കും അതിന് യാതൊരു യോഗ്യതയുമില്ലെന്നും നിങ്ങളുടെ സാമാന്യബുദ്ധി ഉറക്കെ സമ്മതിക്കുന്നതാണ്. എന്നിട്ടും ഈ മനുഷ്യർക്കെങ്ങനെയാണ് വിഗ്രഹങ്ങളും സാങ്കൽപിക ദേവീ-ദേവന്മാരും പുണ്യാത്മാക്കളുമൊക്കെ പിന്തുടരപ്പെടേണ്ട ആരാധ്യരാണെന്നു വിധിക്കാൻ കഴിയുന്നത്?!

സത്യബോധവും സന്മാർഗ ജ്ഞാനവുമാണ് هداية. സന്മാർഗം هدى. വഴി കാട്ടി, നയിച്ചു, സന്മാർഗദർശനം ചെയ്തു എന്നൊക്കെ അർഥമുള്ള هدى യുടെ വർത്തമാനക്രിയാരൂപമാണ് يهدى. സന്മാർഗം പ്രാപിച്ചു, വഴിയറിഞ്ഞു എന്ന അർഥത്തിൽ إهتدى എന്നു പറയും. അതിന്റെ വർത്തമാനക്രിയയായ يهتدى യിലെ ത (ت)യെ ഉച്ചാരണ സൗകര്യാർഥം ദാൽ (د) ആക്കി മാറ്റി നേരത്തെയുള്ള ദാലി(د)ൽ ലയിപ്പിച്ച രൂപമാണ് يهِدّى.

**36:** സ്വയം വഴികാണാനാവാത്തവരും മറ്റുള്ളവരാൽ നയിക്കപ്പെടുന്നവരുമായ മൂർത്തികളിൽ വിശ്വാസമർപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിന്റെ ബുദ്ധിശൂന്യത വ്യക്തമാക്കിയ ശേഷം അങ്ങനെ ചെയ്യുന്നവരുടെ അവസ്ഥയെക്കുറിച്ചു പറയുകയാണിവിടെ.

ഊഹം, ഭാവന, നിഗമനം, അനുമാനം തുടങ്ങിയ അർഥങ്ങളുള്ള പദമാണ് ظَنّ. ജ്ഞാനം - علم, ഉറച്ചബോധ്യം - يقين, യാഥാർഥ്യം - حق എന്നിവയുടെ വിപരീതമാണ് ظَنّ. സന്ദേഹ(شكّ)ത്തെക്കാൾ ദുർബലമാണിത്. ഒരു സംഗതിയുടെ സ്വീകാര്യതക്കും നിഷേധത്തിനും തുല്യപരിഗണന നൽകുകയാണ് شكّ. രണ്ടിനും പ്രേരിപ്പിക്കുന്ന കാരണമുണ്ടായിരിക്കും. പരിഗണനാർഹമായ കാരണമില്ലാതെ ഒരു പ്രമേയം അല്ലെങ്കിൽ പ്രമാണം (Proposition) സ്വീകരിക്കുകയോ നിഷേധിക്കുകയോ ആണ് ظَنّ. അതിനു പകരമാവില്ല, അതിന്റെ പ്രയോജനം ചെയ്യില്ല എന്നർഥ

ത്തിലുള്ള പ്രയോഗമാണ് لا يغنى منه. ഊഹം സത്യത്തിന്റെ സ്ഥാനത്തു നിൽക്കുകയില്ല, അഥവാ ഭാവന യാഥാർഥ്യത്തിന്റെ യാതൊരു പ്രയോജനവും നൽകുകയില്ല എന്നാണ് إِنَّ ٱلظَّنَّ لَا يُغْنِى مِنَ ٱلْحَقِّ شَيْـًٔا എന്ന വാക്യത്തിന്റെ ആശയം.

സൂക്തത്തിന്റെ താൽപര്യമിതാണ്: ആളുകൾ വിഗ്രഹങ്ങളുടെയും സിദ്ധന്മാരുടെയും പിന്നാലെ പോകുന്നത് യുക്ത്യധിഷ്ഠിതമായ ജ്ഞാനത്തിന്റെയോ ബോധ്യത്തിന്റെയോ അടിസ്ഥാനത്തിലല്ല. അവയൊക്കെ സത്യമായതു കൊണ്ടുമല്ല. വെറും ഭാവനയെ പിന്തുടരുകയാണവർ. ഭാവനകളാകട്ടെ ഒരിക്കലും യാഥാർഥ്യത്തിനു പകരമാകുന്നില്ല. അവർ ചെയ്യുന്നതൊക്കെയും അല്ലാഹു യഥാക്രമം അറിയുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. നാളെ പരലോകത്ത് അവൻ അതിന്റെയെല്ലാം യാഥാർഥ്യം അവർക്ക് ശരിക്കും വെളിപ്പെടുത്തിക്കൊടുക്കും. തങ്ങൾ കെട്ടിപ്പൊക്കിയിരുന്ന ഭൗതികവാദത്തിന്റെയും കപട ആത്മീയതയുടെയും തത്ത്വശാസ്ത്ര സൗധങ്ങളെല്ലാം കേവലം മണൽകൊട്ടാരങ്ങളാണെന്ന് അപ്പോഴവർക്ക് ബോധ്യമാകും. ഈ ആശയങ്ങളുൾക്കൊള്ളുന്ന إِنَّ ٱللَّهَ عَلِيمٌۢ بِمَا يَفْعَلُونَ എന്നവാക്യം ബഹുദൈവാരാധകർക്ക് താക്കീതും പ്രവാചകന്ന് സാന്ത്വനവുമാണ്. ശത്രുക്കളുടെ നിഷേധത്തിലും ദ്രോഹനടപടികളിലും വ്യഥിതനാകേണ്ടതില്ലെന്നും അവരുടെ ചെയ്തികളെല്ലാം അല്ലാഹു അറിയുന്നുണ്ടെന്നും നിശ്ചിത സമയത്ത് എല്ലാവർക്കും അതിന്റെ പ്രതിഫലം ലഭിക്കുമെന്നുമാണ് പ്രവാചകനുള്ള സാന്ത്വനം.

അധികപേരും ഊഹത്തെ പിന്തുടരുന്നവരാണെന്നു പറയുമ്പോൾ കുറച്ചുപേർ അങ്ങനെയല്ലാത്തവരുമുണ്ട് എന്നു വരുന്നു. ഇവിടെ 'അവർ' പ്രബോധിത സമൂഹത്തെ മൊത്തത്തിൽ ഉദ്ദേശിച്ചു കൊണ്ടാണെങ്കിൽ ഊഹത്തെ പിൻപറ്റാത്ത ന്യൂനപക്ഷം സത്യവിശ്വാസികളാണ്. ഊഹത്തിന്റെ വിപരീതമായ സത്യ-حق-ത്തെ പിൻപറ്റുന്നവരാണവർ. 'അവർ' കൊണ്ടു വിവക്ഷ ബഹുദൈവാരാധകർ മാത്രമാണെങ്കിൽ (അങ്ങനെയാണ് ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്) മിഥ്യയാണെന്നറിഞ്ഞുകൊണ്ട് മനഃപൂർവം വിഗ്രഹാരാധന ചെയ്യുന്നവരാണീ ന്യൂനപക്ഷം. കുഫ്റിന്റെയും ശിർക്കിന്റെയും നേതാക്കൾ സത്യത്തിൽ അവയിലൊന്നും വിശ്വസിക്കുന്നില്ല. ഭൂരിപക്ഷത്തിന്റെ നേതാക്കളാവാനും അവരെ ചൂഷണം ചെയ്യാനും ന്യൂനപക്ഷം സ്വീകരിക്കുന്ന അടവാണത്. നേതാക്കളുടെ വാദങ്ങളും പ്രവർത്തനങ്ങളും ബുദ്ധിപൂർവം പരിശോധിക്കാതെ അവർ ചെയ്യുന്നതും പറയുന്നതുമെല്ലാം ശരിയാണെന്ന് ഭാവിച്ച് പിന്നാലെ കൂടുന്നവരാണധികജനവും.

**37:** ഈ ഖുർആനു പകരം മറ്റൊരു ഖുർആൻ കൊണ്ടുവരണം, അല്ലെങ്കിൽ ഇതിൽ ഞങ്ങൾക്ക് സ്വീകാര്യമാകുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്തണം എന്ന അവിശ്വാസികളുടെ ആവശ്യം നേരത്തെ പരാമർശിച്ചിട്ടുണ്ടല്ലോ. അല്ലാഹു ഈ ആവശ്യം അനുവദിക്കുന്നതിനുപകരം അവർക്ക് അരോചകമായ വിഷയങ്ങൾ കൂടുതൽ ഊന്നിപ്പറയുകയാണ് ചെയ്തത്. ഇവിടം മുതൽ കുറെ സൂക്തങ്ങളിൽ ആ ചർച്ചയുടെ മറ്റൊരു വശം കൈകാര്യം ചെയ്യുകയാണ്.

وَمَا كَانَ هَـٰذَا ٱلْقُرْءَانُ أَن يُفْتَرَىٰ مِن دُونِ ٱللَّهِ എന്ന വാക്യത്തിന്റെ ഭാഷാർഥം, 'ഈ ഖുർആൻ അല്ലാഹുവിനെ കൂടാതെ കെട്ടിച്ചമക്കപ്പെടുന്നത് ആയിട്ടില്ല' എന്നാണ്. അവിശ്വാസികൾ ആരോപിക്കുന്നതുപോലെ അല്ലാഹുവിൽനിന്നുള്ള വെളിപാടായി അവതരിച്ചതല്ലാതെ, കൃത്രിമമായി കെട്ടിച്ചമക്കപ്പെടാവുന്ന ഒന്നാവുക സാധ്യമല്ല എന്നാണ് താൽപര്യം. ഇതിന്റെ അവതാരകൻ അല്ലാഹുവാണെന്നു മാത്രമല്ല, അല്ലാഹുവിന്നുമാത്രമേ ഇങ്ങനെയൊരു ഖുർആൻ അവതരിപ്പിക്കാനാവൂ എന്ന ധ്വനികൂടിയുണ്ടതിൽ. മുഹമ്മദ് നബി(സ) നിരക്ഷരനാണെന്ന കാര്യം എല്ലാവർക്കും അറിയാം. ഇതുപോലൊരു വചന സമാഹാരം തയാറാക്കുക അദ്ദേഹത്തിനസാധ്യമാണ്. തന്റെ ചുറ്റുപാടിൽ നിന്നുൾക്കൊള്ളാവുന്ന സാമാന്യ വിവരങ്ങളല്ലാതെ ആത്മീയമോ ഭൗതികമോ ആയ ദർശനങ്ങളും ശാസ്ത്രങ്ങളുമൊന്നും അദ്ദേഹം പഠിപ്പിച്ചിട്ടില്ല. ഈ വേദമാണെങ്കിൽ ചർച്ച ചെയ്യുന്നത് ആധ്യാത്മികവും അതിഭൗതികവുമായ വിഷയങ്ങളാണ്. നിരക്ഷരനായ ഒരാളുടെ മനസ്സിനും മസ്തിഷ്കത്തിനും വഴങ്ങുന്ന കാര്യങ്ങളല്ല അവ. ഇനി ഈ വചനങ്ങൾ മറ്റാരോ അദ്ദേഹത്തിന് ചൊല്ലിക്കൊടുത്തു പറയിപ്പിക്കുന്നതാണെങ്കിൽ ചൊല്ലിക്കൊടുക്കുന്നവൻ ഒന്നുകിൽ മനുഷ്യനായിരിക്കണം അല്ലെങ്കിൽ നിങ്ങൾ വിശ്വസിക്കുന്ന ദേവീദേവന്മാരായിരിക്കണം. അതുമല്ലെങ്കിൽ ചെകുത്താനായിരിക്കണം. ചെകുത്താനുമല്ലെങ്കിൽ പിന്നെ അല്ലാഹുവായിരിക്കാനേ തരമുള്ളൂ. മുഹമ്മദിന് ഈ വചനങ്ങൾ ഏതെങ്കിലും മനുഷ്യനാണ് ചൊല്ലിക്കൊടുക്കുന്നതെന്ന് സ്ഥിരപ്പെടുത്താൻ നിങ്ങൾക്കാർക്കും കഴിയുന്നില്ല. ദേവീദേവന്മാരോ മലക്കുകളോ ജിന്നുകളോ ആണ് ഇത് പഠിപ്പിക്കുന്നതെങ്കിൽ, അവരൊക്കെ അവരുടെ ദിവ്യത്വത്തെ അസന്ദിഗ്ധമായി നിഷേധിക്കുകയും ആരാധിക്കപ്പെടുന്നതിനെ നിശിതമായി വിമർശിക്കുകയും ചെയ്യുന്ന വചനങ്ങൾ പഠിപ്പിക്കുന്നു എന്നു പറയേണ്ടിവരും. ചെകുത്താന്റെ കാര്യവും ഇപ്രകാരം തന്നെ. ചെകുത്താനെ ഇത്ര രൂക്ഷമായി ആക്ഷേപിക്കുകയും ബദ്ധശത്രുവായി പ്രഖ്യാപിക്കുകയും ചെയ്യുന്ന വേദം വേറെയില്ല. ഖുർആൻ നൽകുന്ന കൽപനകളാകട്ടെ ഒരിക്കലും ചെകുത്താനിൽനിന്നു പ്രതീക്ഷിക്കാവുന്നതുമല്ല. അവശേഷിക്കുന്ന ഏക സാധ്യത സാക്ഷാൽ ദൈവത്തിങ്കൽനിന്നുള്ള വെളിപാടിലൂടെ അവതീർണമാവുക എന്നതാണ്. എല്ലാ മനുഷ്യരുടെയും ആന്തരാളത്തിന്റെ അടിത്തട്ടിലുള്ള ഏകദൈവത്വ വിചാരമാണ് ഈ വേദം പഠിപ്പിക്കുന്നത്. ഏകനായ അല്ലാഹുവിനെയാണ് സ്തുതിക്കുന്നതും പ്രകീർത്തിക്കുന്നതും. അവനെ മാത്രം ആരാധിക്കണമെന്നും അനുസരിക്കണമെന്നുമാണ് അതനുശാസിക്കുന്നത്. വചനങ്ങളുടെ സൗന്ദര്യവും അതുളവാക്കുന്ന അനുഭൂതികളും അലൗകികമാണ്. ഏകനായ അല്ലാഹുവാണ് കർത്താവെന്ന് ഈ വേദം സ്വയം ആവർത്തിച്ചവകാശപ്പെടുകയും ചെയ്യുന്നു. മനുഷ്യരോ മലക്കുകളോ ജിന്നുകളോ ചെകുത്താന്മാരോ അതിന്റെ കർതൃത്വം അവകാശപ്പെടുന്നില്ലതാനും. ഇങ്ങനെയുള്ള ഒരു വേദം അല്ലാഹുവിങ്കൽ നിന്നുള്ളതല്ല എന്നു വാദിക്കാൻ യാതൊരു പഴുതുമില്ല.

ഈ വേദത്തിന്റെ അവതരണത്തിൽ വാസ്തവത്തിൽ അവിശ്വസനീയമായി ഒന്നുമില്ല. ദൈവം അവന്റെ ദൂതന്മാർക്ക് വേദമവതരിപ്പിക്കുക എന്നത് മുമ്പും ഉണ്ടായിട്ടുണ്ട്. നിങ്ങൾക്കു സുപരിചിതമായ ബൈബിൾ അക്കൂട്ടത്തിൽ പെടുന്നു. പൂർവവേദങ്ങളെ നിഷേധിക്കുന്നതോ അവയുമായി ഏറ്റുമുട്ടുന്നതോ അല്ല ഈ വചനങ്ങൾ. പ്രത്യുത പൂർവവേദങ്ങളിലെ മാറ്റിമറിക്കപ്പെടാത്ത മൂലപ്രമാണങ്ങളെയെല്ലാം സത്യപ്പെടുത്തുകയാണിതു ചെയ്യുന്നത്. അന്തിമമായി ഒരു വേദം അവതരിക്കാനുണ്ടെന്ന് പൂർവവേദങ്ങൾ പ്രവചിക്കുന്നുണ്ട്. ഇത്തരം പ്രവചനങ്ങളുടെ സാക്ഷാത്കാരവുമാണീ വേദം. وَلَـٰكِن تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ എന്ന മൂലവാക്യത്തിന്റെ അർഥം, 'അതിനു മുമ്പിലുള്ളതിന്റെ സത്യമാക്കൽ' എന്നാണ്. മുമ്പിലുള്ളതുകൊണ്ടുദ്ദേശ്യം ഖുർ

ആനിനു മുമ്പ് അവതരിച്ചതും നിലവിലുള്ളതുമായ വേദം, അതായത് തൗറാത്തും ഇഞ്ചീലുമാണ്. تَصۡدِيقَ എന്ന പദം كان യുടെ ആഖ്യാതമായതുകൊണ്ടാണ് അന്ത്യാക്ഷരത്തിന് അകാരം വന്നത്. وَلَٰكِن ന്റെയും تَصۡدِيقَ യുടെയും ഇടക്ക് كان هو എന്ന് അനുക്തമായിട്ടുണ്ട്. وَتَفۡصِيلَ എന്നത് كان യുടെ രണ്ടാം ആഖ്യാതമാണ്. وَتَفۡصِيلَ ٱلۡكِتَٰبِ നെ പ്രമാണങ്ങളുടെ വിശദീകരണം എന്നാണ് തർജമ ചെയ്തിട്ടുള്ളത്. ഗ്രന്ഥത്തിന്റെ വിശദീകരണം എന്നാണ് നേർക്കുനേരെയുള്ള അർഥം. ഈ ഖുർആൻ വിശ്വാസ പ്രമാണങ്ങൾ പ്രസ്താവിക്കുന്നതോടൊപ്പം ആ പ്രമാണങ്ങളെ സുഗ്രാഹ്യമായി വിശദീകരിക്കുകയും അതിലധിഷ്ഠിതമായ ജീവിതത്തിൽ പാലിക്കപ്പെടേണ്ട ലൗകികവും ആത്മീയവുമായ വിധിവിലക്കുകൾ അനുശാസിക്കുകയും ചെയ്യുന്നുവെന്നാണതിന്റെ താൽപര്യമെന്ന് ഭൂരിപക്ഷം മുഫസ്സിറുകളും വ്യാഖ്യാനിച്ചിരിക്കുന്നു. എന്നാൽ മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയുടെ വീക്ഷണത്തിൽ ٱلۡكِتَٰبِ കൊണ്ടുദ്ദേശ്യം തൗറാത്താണ്. തൗറാത്തിലെ അവ്യക്തവും സംക്ഷിപ്തവുമായ പ്രവചനങ്ങളുടെ വ്യക്തമായ സാക്ഷാത്കാരവും ദൈവിക ദീനിന്റെ അന്ത്യപ്രവാചകൻ ആഗതനാകുന്നതുവരെ നീട്ടിവെക്കപ്പെട്ടിരുന്ന വിശദീകരണങ്ങളും പൂർത്തീകരണവുമാണ് ഖുർആൻ എന്നാണ് താൽപര്യം. ٱلۡكِتَٰبِ എന്ന പദം തൗറാത്തിനെമാത്രം ഉദ്ദേശിച്ചും തൗറാത്തിനെയും ഇഞ്ചീലിനെയും ഉദ്ദേശിച്ചും ഖുർആൻ ധാരാളം ഉപയോഗിച്ചിരിക്കുന്നു എന്നാണദ്ദേഹത്തിന്റെ ന്യായം. തൗറാത്തിലെ അധ്യായങ്ങളെ(പുസ്തകങ്ങളെ) ഉദ്ദേശിച്ച് ചില സ്ഥലങ്ങളിൽ كتب (ഗ്രന്ഥങ്ങൾ) എന്നും ഉപയോഗിച്ചിരിക്കുന്നു.

മുകളിൽപറഞ്ഞ സുവ്യക്തമായ തെളിവുകളുള്ളതിനാൽ ഈ വേദം-ഖുർആൻ- സർവലോക വിധാതാവായ അല്ലാഹുവിങ്കൽനിന്ന് അവതീർണമായതാണെന്നതിൽ യാതൊരു സംശയത്തിനും അവകാശമില്ല എന്നാണ് لَا رَيۡبَ فِيهِ مِن رَّبِّ ٱلۡعَٰلَمِينَ എന്ന വാക്യത്തിന്റെ ആശയം. ■